# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2291     13.02.2013 ൽ മറുപടിക്ക്

## റെയിൽവേ നിരക്ക് വർദ്ധന ഒഴിവാക്കി കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ :<br>" ജെയിംസ് മാത്യു :<br>" കെ.വി.അബ്ദുൾ ഖാദർ :<br>" ബി. സത്യൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റെയിൽവെ നിരക്കുകൾ കുത്തനെ ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും<br>(ബി) യും | റെയിൽവേ നിരക്ക് വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 10 മുതൽ ഇരുപത് ശതമാനം വരെയാണ് നിരക്ക് വർദ്ധന. കിലോമീറ്ററിന് സെക്കന്റ് ക്ലാസ് ഓർഡിനറി (സബർബൻ) നിരക്ക് രണ്ട് പൈസയും സെക്കന്റ് ക്ലാസ് ഓർഡിനറി (നോൺ സബർബൻ) ടിക്കറ്റ് നിരക്ക് 3 പൈസയും മെയിൽ/എക്സ്പ്രസ് സെക്കന്റ് ക്ലാസിനു നാല് പൈസയും സ്ലീപ്പർ ക്ലാസിന് 6 പൈസയും എ.സി ചെയർകാറിനു 10 പൈസയും, എ.സി. 3 ടയറിനു 10 പൈസയും ഫസ്റ്റ്ക്ലാസിന് 3 പൈസയും എ.സി 2 ടയറിന് 6 പൈസയും എ.സി ഫസ്റ്റ് ക്ലാസിന് 10 പൈസയുമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. മിനിമം നിരക്ക് രണ്ട് രൂപയിൽ നിന്നും അഞ്ച് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ യാത്രക്കാരിൽ നിന്നു മാത്രം റെയിൽവേയ്ക്ക് അധികമായി ലഭിക്കുന്ന തുകയുടെ കണക്ക് ലഭ്യമല്ല. |
| (ബി) | റെയിൽവെ ബജറ്റിന് മുമ്പായി വർദ്ധിപ്പിച്ച യാത്രാക്കൂലി സംസ്ഥാനത്തു നിന്നുള്ള യാത്രക്കാർക്ക് വീണ്ടും കനത്ത ഭാരമായിരിക്കുന്നതായി അറിയാമോ; നിരക്ക് വർദ്ധനമൂലം സംസ്ഥാനത്തെ യാത്രക്കാരിൽനിന്ന് റെയിൽവേ അധികമായി ഈടാക്കുന്നത് എത്ര കോടി രൂപയായിരിക്കുമെന്ന് സർക്കാരിനറിയാമോ; | | |
| (സി) | നിരക്ക് വർദ്ധനയിൽ നിന്ന് ഒഴിവാക്കി കിട്ടാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | നിലവിലെ ഇന്ധനവിലയും റയിൽവേയുടെ പ്രവർത്തനചെലവും, വിവിധ റയിൽവേ പദ്ധതികൾക്കായി കണ്ടെത്തേണ്ട തുകകളുമായി താരതമ്യം ചെയ്യുമ്പോൾ പത്ത് കൊല്ലത്തിനു ശേഷമുള്ള ഈ നിരക്ക് വർദ്ധന അധികമാണെന്ന് കരുതാനാവില്ല. കൂടാതെ ഒരു സംസ്ഥാന സർക്കാരിനു മാത്രമായി നിരക്ക് വർദ്ധനക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയുകയുമില്ല. |

സെക്ഷൻ ഓഫീസർ